(സി) ഇല്ല.

(ഡി) തലസ്ഥാന ജില്ലയുടെ വികസനത്തിന്റെ ഭാഗമായി ട്രിഡ ഏറ്റെടുത്ത് നടപ്പാക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

കെ.എസ്.യു.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി തലസ്ഥാന ജില്ലയുടെ വികസനത്തിനായി 121.64 കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നത്. സിവറേജ്. ഡ്രെയിനേജ്, റോഡുകളുടെ നവീകരണം എന്നിവയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ജലവിതരണ പദ്ധതി, സിവറേജ് സ്കീം 1-ാം ഘട്ടം, ഖരമാലിന്യ നിർമ്മാർജനം, സിവറേജ് സ്കീം 2-ാം ഘട്ടം. ആധുനിക ബസുകൾ വാങ്ങുന്നതിനുള്ള പദ്ധതി എന്നിവയാണ് ജെ.എൻ.എൻ.യു.ആർ.എം. പ്രകാരം തിരുവനന്തപുരം നഗരസഭയിൽ നടപ്പിലാക്കുന്ന പദ്ധതികൾ. തലസ്ഥാന മേഖലാ വികസന പദ്ധതി മുഖേന നഗര റോഡുകളുടെ വികസനം, തൈക്കാട് വൈദ്യുതി ശ്മശാനം പുനരുദ്ധരിക്കൽ, തിരുവനന്തപുരം (ഹ്രസ്വകാല) കുടിവെള്ള പദ്ധതി, കരമന കിള്ളി എന്നീ നദികളുടെയും ഉള്ളൂർ തോടിന്റെയും വെള്ളപൊക്കം തടയലും മോടി പിടിപ്പിക്കലും. ഇടവക്കോട് മുതൽ കണ്ണമ്മൂല വരെ ഉള്ളൂർ തോടിന്റെ നവീകരണം, തിരുവനന്തപുരം ബസ് ടെർമിനൽ വികസനവും ഈഞ്ചയ്ക്കലിൽ പുതിയ ബസ്സ് സ്റ്റാന്റ് നിർമ്മാണം എന്നീ പ്രവർത്തനങ്ങൾ തലസ്ഥാന നഗരിയിൽ നടപ്പിലാക്കുന്നു. പൊതുമരാമത്ത് വകുപ്പ് വഴിയായി തിരുവനന്തപുരം നഗര റോഡ് വികസന പദ്ധതി (TCRIP) നടപ്പിലാക്കി വരുന്നു. ഇതിന്റെ ഒന്നാംഘട്ടം പൂർത്തിയായി രണ്ടാംഘട്ട പ്രവർത്തികൾ നടക്കുന്നുണ്ട്.

ഐ. ടി. മേഖലയിലെ നിക്ഷേപം

21(*171) ശ്രീ. വി. എൻ. വാസവൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഐ.ടി. മേഖലയിൽ വൻതോതിൽ നിക്ഷേപം ആകർഷിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിനായി ഏതെല്ലാം ദേശീയ-അന്തർദ്ദേശീയ സ്ഥാപനങ്ങൾ മുന്നോട്ടുവന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) കഴക്കൂട്ടം-കോവളം ബൈപ്പാസിനോടു ചേർന്ന് ഐ.ടി. കോറിഡോർ സ്ഥാപിക്കുന്ന കാര്യത്തിൽ ഉണ്ടായ പുരോഗതി വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇവിടെ എത്തെല്ലാം കമ്പനികൾ ഇതിനകം നിക്ഷേപം നടത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ):

(എ) ഐടി-ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് സർക്കാരിന്റെ 51% ഓഹരി പങ്കാളിത്തത്തോടെ KSITIL എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്പനിയുടെ 49% ഓഹരികൾ സ്വകാര്യപങ്കാളിത്തത്തോടെ സ്വരൂപിക്കാനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ഏകദേശം 200 കോടി രൂപയാളം സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇത് വഴി ഐ.ടി. രംഗത്ത് വൻതോതിൽ നിക്ഷേപം ആകർഷിക്കുവാൻ കഴിയുമെന്ന് കരുതുന്നു. കേരളത്തിലുള്ള എല്ലാ ഐ.ടി. പാർക്കുകളുടെയും ഏകീകൃതമായ ഒരു ബ്രാൻഡ് നെയിം ആയ Kerala IT ആവിഷ്കരിക്കുകയും വെബ്സൈറ്റിൽ ഇതിന്റെ പൂർണ്ണ വിശദാംശങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ ഐ.ടി. മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി രാജ്യത്തിനകത്തും പുറത്തുമുള്ള ഐടി സ്ഥാപനങ്ങളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിന് വേണ്ടിയുള്ള ചർച്ചകൾ, പരസ്യങ്ങൾ, പ്രദർശനങ്ങൾ മുതലായവ നടത്തിക്കൊണ്ടിരിക്കുന്നു. വർഷംതോറും ജർമ്മനിയിൽ നടക്കുന്ന CEBIT മുബൈയിൽ നടക്കുന്ന GITEX എന്നീ ഐടി പ്രദർശന മേളകളിൽ കേരളവും സ്ഥിരമായി പങ്കെടുത്തുവരുന്നുണ്ട്. ഈ പ്രദർശനമേളകളിലെ പങ്കാളിത്തം രാജ്യാന്തര ഐ. ടി. സംരംഭകരുമായി കേരളത്തിലെ ഐ.ടി.മേഖലയിലെ വികസന സാധ്യതകൾ ചർച്ച ചെയ്യുവാനും അവരെ കേരളത്തിലേക്ക് ക്ഷണിക്കുവാനും സഹായകരമായിട്ടുണ്ട്.

(ബി) താഴെപ്പറയുന്ന സ്ഥാപനങ്ങൾ സംസ്ഥാനത്ത് നിക്ഷേപം നടത്തുന്നതിനായി താല്പര്യം പ്രകടിപ്പിക്കുന്നുണ്ട്:

ടെക്നോപാർക്ക് ഒന്നാംഘട്ടം:

White oval Technologies Pvt.Ltd.

Wilga Technologies Pvt. Ltd.

Kwaliteta Systems & Solutions Pvt. Ltd.

ITC Infotech

Licent Technologies

ടെക്നോപാർക്ക് മൂന്നാംഘട്ടം:

MC Fadyen Consulting

Thought Line

HCL Info System

കൊല്ലം ടെക്നോപാർക്ക്:

Revenue Med

Aptara learning

LIBRARY ARCHIVES Kerala Legislative Assembly

കൊച്ചി ഇൻഫോപാർക്ക്:

TCS
Wipro Ltd.
ACS
UST Global
IBS Software
OPI Global
Arbitron
Charter BPO
NHR Outsourcing

(സി) കഴക്കൂട്ടം-കോവളം ബൈപ്പാസിനോടു ചേർന്നുള്ള ഐടി കോറിഡോർ സ്ഥാപിക്കുന്ന കാര്യത്തിൽ നല്ല പുരോഗതി തന്നെ കൈവരിച്ചിട്ടുണ്ട് ഇതിൽ ടെക്നോപാർക്ക് ഒന്നാംഘട്ടം, രണ്ടാംഘട്ടം, മൂന്നാംഘട്ടം, ടെക്നോസിറ്റി എന്നിവ ഉൾപ്പെടുന്നു. ഇതിൽ ടെക്നോപാർക്ക് മൂന്നാംഘട്ടം ടെക്നോപാർക്ക് ക്യാമ്പസിനോട് ചേർന്ന് 92 ഏക്കറിൽ സ്ഥിതിചെയ്യുന്നു. ഇതിൽ 27.5 ഏക്കറിന് പ്രത്യേക സാമ്പത്തിക മേഖലാ പദവി ലഭിച്ചിട്ടുണ്ട്. ഇവിടെ 110 കെ.വി. സബ്സ്റ്റേഷൻ പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. കൂടാതെ 10 ലക്ഷം ചതുരശ്ര അടി കെട്ടിടത്തിന്റെയും അനുബന്ധ സൗകര്യങ്ങളായ റോഡ്, ജലവിതരണ ശൃംഖല എന്നിവയും പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ഡി) നിക്ഷേപം നടത്തിയ കമ്പനികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

മലബാർ മേഖലയിലെ ഐ.ടി. വികസനം

22(*172) ശ്രീ. ബി. ബാബു പ്രസാദ് :
ശ്രീ. കെ. ബാബു :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ മേഖലയിലെ ഐ.ടി. വികസനത്തിന്റെ ഭാഗമായി കോഴിക്കോട് ആരംഭിച്ച സൈബർ സൊസൈറ്റി ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തി എന്നറിയിക്കുമോ :

(ബി) ഈ സൊസൈറ്റിയുടെ പ്രവർത്തനത്തിനായി എന്തൊക്കെ ഭൗതിക സഹായങ്ങൾ നൽകി കഴിഞ്ഞു എന്ന് വെളിപ്പെടുത്തുമോ :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly